ശ്രീ. ടി. എം. ജേക്കബ് : ഇല്ല. അദ്ദേഹം പറഞ്ഞത് മെറിറ്റ് അടിസ്ഥാനത്തിലാണ്. എന്റെ ചോദ്യം അപേക്ഷ ക്ഷണിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ വർഷം ഏതെങ്കിലും അൺ എയ്ഡഡ് സ്കൂളുകളിൽ നയപരമായി കൊടുക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഞാൻ പറഞ്ഞു, ഓരോ അപേക്ഷകളും പരിശോധിക്കും. ആവശ്യമെങ്കിൽ കൊടുക്കണമെന്നുള്ള നിലയ്ക്കാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : ഇന്നത്തെ ചർച്ച ഉയർന്നുവരുന്നത് കേട്ടാൽ കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ ഏറ്റവും വലിയ പ്രശ്നം പ്ലസ് ടൂ ആണെന്നാണ് തോന്നുന്നത്. പ്ലസ് ടൂ സ്കൂളുകളുടെ വാശിക്ക് പിന്നിലുള്ളത് നിയമനങ്ങളിൽ കോഴ വാങ്ങിക്കാനുള്ള വ്യഗ്രതയാണ്. അതുകൊണ്ട് നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ? അതുപോലെ വൊക്കേഷണൽ ഹയർ സെക്കന്ററി തുടങ്ങിയ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് മുൻഗണന നൽകാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇപ്പോൾ നിലവിലുള്ള രീതിയൊന്നും മാറ്റാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

മി. സ്പീക്കർ : ചോദ്യം 392

സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ പ്രവർത്തനം

2 (*392) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വകുപ്പിന്റെ പ്രവർത്തനത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തി എന്ന് വെളിപ്പെടുത്തുമോ ;

(സി) 'കേരള സംസ്കാര ചരിത്രം' പ്രസിദ്ധീകരിക്കുന്നതിന്റെ മുന്നോടിയായി പ്രസ്തുത വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചരിത്രവൈജ്ഞാനിക മേഖലയിൽപ്പെട്ട ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ;

(ഇ) പ്രസ്തുത ഗ്രന്ഥങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(എഫ്) ഉത്തമ പഠനഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിന് വകുപ്പ് എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗ്രന്ഥകാരൻമാർക്ക് സഹായം നൽകി എന്ന് വ്യക്തമാക്കുമോ ;

(എച്ച്) സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ ഗ്രന്ഥങ്ങൾ വിറ്റഴിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാം എന്ന് അറിയിക്കുമോ ;

(ഐ) കഴിഞ്ഞ മൂന്നു വർഷത്തിനകം എന്ത് വിലയുടെ ഗ്രന്ഥങ്ങൾ വിറ്റഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) കല, സംസ്ക്കാരം, സാഹിത്യം എന്നീ മേഖലകളിലുള്ള ഗ്രന്ഥങ്ങളും മഹാൻമാരുടെ ജീവചരിത്ര ഗ്രന്ഥങ്ങളുമാണ് സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ് പ്രധാനമായും പ്രസിദ്ധീകരിച്ചുവന്നിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എഴുത്തുക്കാരുടെ കൂട്ടായ്മയോടെ ഗ്രന്ഥങ്ങൾ രചിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. കൂടാതെ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്കാര കേരളം അവാർഡ് ഏർപ്പെടുത്തുകയും ഉത്തമ പഠനഗ്രന്ഥങ്ങൾക്ക് നൽകി വന്നിരുന്ന ധനസഹായ തുക ഉയർത്തി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേരള സംസ്ക്കാര ചരിത്രം പ്രസിദ്ധീകരിക്കുന്നതിന്റെ മുന്നോടിയായി 1998-ൽ എഴുത്തുകാരേയും പണ്ഡിതൻമാരേയും ഉൾപ്പെടുത്തി രണ്ട് ദേശീയ ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. 1999 ഡിസംബർ 18-ന് കേരള സംസ്ക്കാര ചരിത്രം ഒന്നാം വാല്യത്തിന്റെ പ്രകാശനവും തുടർ വാല്യങ്ങളുടെ ദ്വിദിന ശിൽപ്പശാലയും നടത്തുകയുണ്ടായി.

(ഡി) ഉണ്ട്. 33 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു†.

(എഫ്) ഉണ്ട്.

(ജി) 69 ഗ്രന്ഥകാരൻമാർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(എച്ച്) സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ ഗ്രന്ഥങ്ങൾ പുസ്തകപ്രദർശന മേളകൾ വഴിയും കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, കേന്ദ്ര സർക്കാരിന്റെ പബ്ലിക്കേഷൻ ഡിവിഷൻ, കറന്റ് ബുക്ക്സ്, നാഷണൽ ബുക്ക്സ്റ്റാൾ തുടങ്ങിയ സ്ഥാപനങ്ങൾ വഴിയും വിൽപ്പന നടത്തുന്നുണ്ട്.

(ഐ) കഴിഞ്ഞ മൂന്നു വർഷത്തിനകം പതിമൂന്ന് ലക്ഷത്തി അറുപതിനായിരം രൂപ വിലയ്ക്കുള്ള ഗ്രന്ഥങ്ങൾ വിറ്റഴിച്ചിട്ടുണ്ട്.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നൗഷാദ് : സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ് എന്നാണ് നിലവിൽ വന്നത് ? ഈ ഗവൺമെന്റ് അധികാരം ഏൽക്കുംവരെ എത്ര ഗ്രന്ഥങ്ങളാണ് പ്രസിദ്ധീകരിച്ചതെന്ന് പറയാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ് 1983-ലാണ് നിലവിൽവന്നത്. ഈ സർക്കാർ അധികാരം ഏൽക്കുംവരെ ആകെ പ്രസിദ്ധീകരിച്ചത് 46 ഗ്രന്ഥങ്ങളാണ്.

ശ്രീ. ടി. കെ. നൗഷാദ് : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എത്ര ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു ? എത്ര ഗ്രന്ഥങ്ങൾ പ്രസിദ്ധീകരണത്തിന് തയ്യാറായി വരുന്നു ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : 1983 മുതൽ ഈ വകുപ്പ് നിലവിൽ വന്നു. ഈ സർക്കാർ അധികാരമേൽക്കുന്നതുവരെ 46 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ഇതുവരെ 33 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. 18 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരണത്തിന് തയ്യാറായിട്ടുണ്ട്.

ശ്രീ. എം. വി. ഗോവന്ദൻ മാസ്റ്റർ : ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനു മുമ്പ്, അതായത് കഴിഞ്ഞ നാലു വർഷത്തിനു മുമ്പ് പുസ്തകങ്ങൾ എഴുതി തയ്യാറാക്കിയിട്ടുള്ള ഗ്രന്ഥകാരൻമാർക്ക് റോയൽറ്റി ഇനത്തിൽ എന്തെങ്കിലും തുക കൊടുക്കാൻ ബാക്കിയുണ്ടായിരുന്നോ ? ഇപ്പോൾ 33 പുസ്തകം പ്രസിദ്ധീകരിച്ചുവെന്ന് പറഞ്ഞു. ആ പുസ്തകം തയ്യാറാക്കിയിട്ടുള്ളവർക്കും റോയൽറ്റി ഇനത്തിൽ തുക കൊടുക്കാൻ ബാക്കിയുണ്ടോ ? എന്താണ് ഇതിന്റെ അവസ്ഥയെന്ന് വിശദീകരിക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മുമ്പ് പ്രസിദ്ധീകരിച്ചിരിക്കുന്നതിനെക്കാൾ കൂടുതൽ തുക ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങൾക്ക് നൽകുന്നുണ്ട്. ഓരോ വർഷവും ആനുകാലിക പ്രസിദ്ധീകരണം, ഏറ്റവും നല്ല വൈജ്ഞാനിക ലേഖനം എന്നിവയ്ക്കാണ് അവാർഡ് നൽകുന്നത്. റോയൽറ്റിയുടെ കാര്യത്തിന് വേറെ ചോദ്യം വേണം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ഗസറ്റിയർ പ്രസിദ്ധീകരിക്കാറുണ്ടല്ലോ. ഓരോ ജില്ലയേയും കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് പ്രസ്തുത പ്രസിദ്ധീകരണം. കാസർഗോഡ്, കണ്ണൂർ ജില്ലകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഗസറ്റിയർ ഇറക്കിയിട്ടുണ്ടോ ? ഇല്ലെങ്കിൽ ഇറക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എല്ലാ ജില്ലകളെ സംബന്ധിച്ചും ഗസറ്റിയർ ഇറക്കണമെന്നാണ് ഉദ്ദേശം. ഇവിടെ പറഞ്ഞ ചോദ്യത്തിനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. എൻ. കണ്ണൻ : സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന് ഉപദേശക സമിതികളുണ്ടോ ? എങ്കിൽ അതിന്റെ അംഗങ്ങൾ ആരൊക്കെയാണ്, അതിന്റെ ചെയർമാൻ ആരാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ജി.ബി. മോഹൻ തമ്പി ചെയർമാൻ, എം.പി. അപ്പൻ സാർ (ശ്രീരേഖ), പ്രൊഫ. വിജയൻ നായർ, പ്രൊഫ. കടത്തനാട്ട് നാരായണൻ, പാലക്കീഴ് നാരായണൻ, മണിയൂർ ബാലൻ, വള്ളിക്കാവ് മോഹൻദാസ്, പ്രൊഫ. എ. സുധാകരൻ, എൻ. സുഗതൻ, ഡോ. രാജൻ കുരിക്കൾ, പ്രൊഫ. കെ.ജി. പൗലോസ്, ശ്രീമതി പൊന്നമ്മ നാരായണൻ നായർ, മണമ്പൂർ രാജൻ ബാബു, കെ.ഇ.എൻ. കുഞ്ഞിമുഹമ്മദ്, സാംസ്ക്കാരിക വകുപ്പ് സെക്രട്ടറി, സാംസ്ക്കാരിക പ്രസിദ്ധീകരണ ഡയറക്ടർ എന്നിവരാണ് അംഗങ്ങൾ.

ശ്രീ. എൻ. കണ്ണൻ : ഡോ. മേനോൻ അന്തരിച്ച ഒഴിവിൽ ഉപദേശക സമിതിയിൽ ആരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഡോ. എം.എസ്. മേനോൻ മരിച്ചശേഷം ജി.ബി. മോഹൻ തമ്പിയെ ചെയർമാനായി നിയമിച്ചു.

ശ്രീ. പി. വിശ്വൻ : അങ്ങയുടെ മറുപടിയിൽ ചരിത്ര വൈജ്ഞാനിക മേഖലയിലെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ടെന്ന് പറഞ്ഞു. 16-ാം നൂറ്റാണ്ടിലെ ധീരദേശാഭിമാനി കുഞ്ഞാലിമരയ്ക്കാരുടെ ജീവചരിത്രത്തെ കുറിച്ചുള്ള ഗ്രന്ഥങ്ങൾ യഥാർത്ഥത്തിൽ ഇല്ലെന്നു തന്നെ പറയാം. നമ്മുടെ ലൈബ്രറികളിൽ തന്നെ നല്ല പുസ്തകങ്ങളുണ്ട്. എന്നാൽ കുഞ്ഞാലിമരക്കാരെ സംബന്ധിച്ച് ഒരു നല്ല ഗവേഷണം നടത്തി നല്ല പുസ്തകം ഇറക്കാൻ സാംസ്ക്കാരിക വകുപ്പ് തയ്യാറാകുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ വകുപ്പ് ഈ ഉപദേശകസമിതിയുടെ നിർദ്ദേശപ്രകാരം ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ക്രമത്തിലാണ് പ്രസിദ്ധീകരിക്കുന്നത്. ഈ നിർദ്ദേശം പരിഗണിക്കാം.

ശ്രീ. പി. വിശ്വൻ : സാംസ്ക്കാരിക പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം ആവശ്യമാണ്. പുസ്തക പ്രദർശനം വിപുലപ്പെടുത്താൻ കേരളോത്സവുമായിട്ട് ബന്ധപ്പെടുത്തി എല്ലാ ത്രിതല പഞ്ചായത്തുകളിലും പുസ്തകോത്സവം നടത്താനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ മുൻകൈ എടുക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എല്ലാ പഞ്ചായത്തുകളിലും കുറെക്കൂടി വിതരണത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇപ്പോൾ ആ നിർദ്ദേശം നമ്മുടെ മുന്നിലില്ല.

ശ്രീ. ജി. കാർത്തികേയൻ : വൈജ്ഞാനിക മേഖലയിലും സാഹിത്യസാംസ്കാരിക മേഖലയിലും പ്രഗത്ഭരും പ്രശസ്തരുമായിട്ടുള്ള ധാരാളം എഴുത്തുകാർ കേരളത്തിലുണ്ട്. സാംസ്ക്കാരിക പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന്റെ മാനദണ്ഡം അവരുടെ രാഷ്ട്രീയ വിധേയത്വമാണോ, അവരുടെ പുസ്തകങ്ങളുടെ ഗുണനിലവാരമാണോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഓരോ മേഖലയിലുംപെട്ട ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ വേണ്ടി ചിലത് നേരിട്ട് ഗ്രന്ഥകാരൻമാരെ നിർദ്ദേശിക്കും. എന്നിട്ട് ഇന്ന ഗ്രന്ഥം എഴുതാനായിട്ട് പറയും. ഇപ്പോൾ കൂട്ടായ പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇത് ചെയ്യുന്നത്. ഞാൻ ആദ്യത്തെ ചോദ്യത്തിന് മറുപടി പറഞ്ഞു. അതിന് ആളുകളെ നിശ്ചയിച്ചിട്ട് അത് പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോൺ ഫെർണാണ്ടസ് : കേരളത്തിന്റെ സാംസ്കാരിക വകുപ്പിന്റെ വിവിധ പ്രസിദ്ധീകരണങ്ങൾ മുമ്പ് പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ വിറ്റഴിക്കാതെ കെട്ടിക്കിടക്കുകയാണുണ്ടായത്. ഇതിനൊരു പരിഹാരമെന്ന നിലയ്ക്ക് വിവിധ ഏജൻസികൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഒക്കെ അടങ്ങുന്ന വിവിധ ഏജൻസികൾ പുസ്തകങ്ങൾ വിറ്റഴിക്കാൻ വേണ്ടിയിട്ട് ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിച്ചുവെന്ന് അങ്ങിവിടെ മറുപടി പറഞ്ഞു. അത് രൂപീകരിച്ച ശേഷം പുസ്തക വിൽപ്പനയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ, അതിന്റെ ഗുണം കേരളത്തിൽ എത്രത്തോളം ലഭിച്ചിട്ടുണ്ടെന്ന് മറുപടി പറയാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ സൊസൈറ്റി രൂപീകരിച്ചശേഷം അതിന്റെ രണ്ട് വിൽപ്പന കേന്ദ്രങ്ങൾ പ്രത്യേകമായിട്ട് തുടങ്ങിയിട്ടുണ്ട്. ഒന്ന്, വി.ജെ.ടി. ഹാളിനോട് അനുബന്ധിച്ചുള്ള കെട്ടിടത്തിലും രണ്ട്, എറണാകുളം പഴയ ബോട്ട്ജെട്ടി നിന്നിരുന്ന സ്ഥലത്തുമാണ്. അതിനുശേഷം വളരെ പുരോഗതി ഇത് ചെലവാകുന്ന കാര്യത്തിലുണ്ടായിട്ടുണ്ട്.

മി. സ്പീക്കർ : ജീവനക്കാരുടെ പെൻഷൻ കാര്യം എന്തായി ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഗവൺമെന്റ് നടപടി എടുത്തു വരികയാണ്.

ശ്രീ. തമ്പാനൂർ രവി : കേരളത്തിന്റെ നവോത്ഥാന നായകനായ ശ്രീനാരായണഗുരുവിന്റെ പ്രതിമകൾ വ്യാപകമായി തകർക്കുന്ന കാലഘട്ടമാണ്. ഗുരുദേവ ദർശനങ്ങൾക്കും ആശയങ്ങൾക്കും വളരെ പ്രചാരം കിട്ടുന്ന ഒരു കാലഘട്ടമായി കണക്കാക്കി ഗുരുദേവദർശനങ്ങൾ കൂടുതൽ പ്രചരിപ്പിക്കുന്ന പുസ്തകങ്ങൾ പ്രിന്റ് ചെയ്യാൻ സാംസ്ക്കാരിക വകുപ്പ് തയ്യാറാകുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഗുരുദേവനോട് ബഹുമാനപ്പെട്ട മെമ്പർമാർക്ക് പ്രീതി തോന്നിയതിൽ സന്തോഷമുണ്ട്. ഗുരുദേവന്റെ സന്ദേശം പ്രചരിപ്പിക്കുക മാത്രമല്ല അത് പ്രായോഗികമാക്കുന്ന ഒരുപാട് പ്രസിദ്ധീകരണങ്ങൾ ഉണ്ട്. ഗുരുദേവന്റെ പ്രതിമകൾ തകർക്കുന്ന കാലഘട്ടമാണെന്നാണ് പറഞ്ഞത്. ആ കാലഘട്ടമല്ല. ഗുരുദേവന്റെ പ്രതിമകൾ സംരക്ഷിക്കാനും പരിചരിക്കാനുമുള്ള കാലമാണ് ഇത്.

ശ്രീ. യു. എസ്. ശശി : രാജ്യത്ത് അറിയപ്പെടുന്ന പഞ്ചവാദ്യ വിദഗ്ദ്ധനായ അന്നമനട അച്യുതവാര്യരുടെ വാദ്യകലാകേന്ദ്രത്തിനാവശ്യമായ സഹായങ്ങൾ ചെയ്യുന്നതിന് സർക്കാർ തയ്യാറാകുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇവിടെ ഇത്തരത്തിൽ നടന്നിട്ടുള്ള സാംസ്കാരിക സമ്മേളനത്തിൽ ഞാൻ പ്രസംഗിക്കുകയുണ്ടായി. അവരുടെ നിവേദനം ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. കെ. സി. ജോസഫ് : വനിതാദിനമായതുകൊണ്ട് അങ്ങ് ഇന്നലെ വനിതകൾക്ക് മുൻഗണന കൊടുത്തു. മലയാള മനോരമ വനിതകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് പത്രമിറക്കിയിരിക്കുകയാണ്. അങ്ങ് സ്ത്രീ വിരുദ്ധനല്ലെങ്കിൽ സാംസ്ക്കാരിക വകുപ്പ് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളിൽ വനിതകളുടെ പ്രസിദ്ധീകരണങ്ങൾക്കും രചനകൾക്കും മുൻഗണനാ പ്രാതിനിധ്യം നൽകാൻ ശ്രമിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ആരുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കണം എന്ന് ഉപദേശക സമിതി തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കും. പുതുതായി കിട്ടുന്ന അപേക്ഷകളും നോക്കിയിട്ടാണ് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത്.

ശ്രീ. എം. വി. ജയരാജൻ : സാംസ്ക്കാരിക വകുപ്പ് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ നമ്മുടെ ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വായനശാലകൾക്ക് സൗജന്യനിരക്കിൽ കൊടുക്കാൻ വല്ല പദ്ധതിയും ഇപ്പോൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ സൗജന്യ നിരക്കിൽ കൊടുക്കാൻ ശ്രമിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : 6000-ത്തിൽപ്പരം ഗ്രന്ഥശാലകൾ ഉണ്ട്. ആ ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് കൊടുക്കുന്നുണ്ട്. അത് 90 ലക്ഷം രൂപയായിരുന്നത് 6 കോടി രൂപയാക്കിയിട്ടുണ്ട്. ഒരു കോടി രൂപ കോട്ടയത്തെ പ്രസിദ്ധീകരണ കേന്ദ്രത്തിൽ നിന്നും വാങ്ങുന്ന പുസ്തകങ്ങൾക്ക് വച്ചിട്ടുണ്ട്. അത് വായനശാലകൾക്കുവേണ്ടി വാങ്ങുന്നതിനുവേണ്ടി നീക്കി വച്ചിട്ടുണ്ട്.

ശ്രീ. പി. രാഘവൻ : സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ ഗ്രന്ഥകാരന് കൊടുക്കുന്ന തുക വളരെ ചെറുതായതുകൊണ്ട് നല്ല പുസ്തകങ്ങൾ കിട്ടാൻ പ്രയാസമാണ്. അതുകൊണ്ട് ഈ തുക വർദ്ധിപ്പിച്ച് നല്ല പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സാംസ്ക്കാരിക വകുപ്പ് നല്ല പുസ്തകങ്ങളാണ് പ്രസിദ്ധീകരിക്കുന്നത്. മുമ്പുണ്ടായിരുന്ന ലിസ്റ്റും പുതുതായി കിട്ടുന്നതും നോക്കിക്കൊണ്ട് നല്ല പുസ്തകങ്ങളാണ് പ്രസിദ്ധീകരിക്കുന്നത്. നല്ല പണ്ഡിതൻമാരായിട്ടുള്ള ആളുകളാണ് ഈ പ്രസിദ്ധീകരണസമിതിയിലെ അംഗങ്ങൾ. അത് ലിസ്റ്റ് നോക്കിയാൽ മനസ്സിലാകും.

മി. സ്പീക്കർ : ചോദ്യം 393

ഫിഷറീസ് സ്ക്കൂളുകൾ

3 (*393) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങളിൽ അവരുടെ കുട്ടികളുടെ പഠനത്തിനുവേണ്ടി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് കടലോര പ്രദേശങ്ങളിൽ എവിടെയൊക്കെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട് എന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[9-3-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2(*392)-ന്റെ 'ഇ' ഉത്തരം ദയവായി കാണുക]

1-4-1996 മുതൽ 29-2-2000 വരെ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ

ക്രമ നം.	ഗ്രന്ഥം	ഗ്രന്ഥകർത്താവ്
(1)	(2)	(3)
1	എൻ. ഗോപാലപിള്ളയുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ	ജി. ഗോപാലപിള്ള
2	വൈക്കത്ത് പാച്ചുമുത്തത്	പ്രൊഫ. സി. കെ. മൂസ്സത്
3	ആർ. നാരായണപ്പണിക്കർ	അമ്പിലാ ആർ. ബാലകൃഷ്ണൻ നായർ
4	ശ്രീ ചിത്തിരതിരുനാൾ അവസാനത്തെ നാടുവാഴി	ടി. എൻ. ഗോപിനാഥൻ നായർ
5	എ. ആർ. രാജരാജവർമ്മ	1. എം. ഭാഗീരഥി അമ്മ തമ്പുരാൻ 2. എം. രാഘവവർമ്മ രാജ
6	വഴികാട്ടികൾ	കെ. കെ. പൊൻമേലേത്ത്
7	താണ്ഡവലക്ഷണം	വേദബന്ധു
8	കേരളത്തിന്റെ ഇന്നലെകൾ (പരിഷ്കരിച്ച പതിപ്പ്)	ഡോ. കെ. എൻ. ഗണേശ്
9	കെ. സി. കൃതികൾ (രണ്ടാം ഭാഗം)	കെ. സി. കേശവപിള്ള
10	മലയാളനോവൽ 19-ാം നൂറ്റാണ്ടിൽ	ഡോ. ജോർജ്ജ് ഇരുമ്പയം
11	ഇക്കണ്ടവാര്യർ	പി. എസ്. വേലായുധൻ
12	കെ. എ. ദാമോദരമേനോൻ	വി. പാറുക്കുട്ടി അമ്മ
13	ആംഗലസാമ്രാജ്യം	എ. ആർ. രാജരാജവർമ്മ
14	വി. ടി. കുമാരൻ കവിയും മനുഷ്യനും	പ്രൊഫ. കടത്തനാട്ട് നാരായണൻ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
15	കെ. കെ. കുഞ്ചുപിള്ള	നാവായിക്കുളം സുകുമാരൻ നായർ
16	സിനിമയും പ്രത്യയശാസ്ത്രവും	വി. കെ. ജോസഫ്
17	കൈക്കുളങ്ങരരാമവാര്യർ	പ്രൊഫ. എ. ബാലകൃഷ്ണവാര്യർ
18	ബ്രഹ്മാനന്ദസ്വാമി ശിവയോഗി	പവനൻ
19	വാഗ്ഭടാനന്ദഗുരുവും സാമൂഹിക നവോത്ഥാനവും	എം. എസ് നായർ
20	Progress of Travancore under H.H. Sreemoolam Thirunal	Ulloor S. Parameswara Iyer
21	സാഹിത്യതത്വം	പ്രൊഫ. പി. ടി. ചാക്കോ
22	സ്വദേശാഭിമാനി	കെ. ഭാസ്കരപിള്ള
22	Cochin Calvathi River A Historic Drama	K. L. Bernard
24	രാജ്യസമാചാരം - ഒരുപഠനം	ഡോ. വള്ളിക്കാവ് മോഹൻദാസ്
25	കുഞ്ഞുത്താലൂപൂമാതെ പൊന്നമ്മ രണ്ടു നാടൻപാട്ടു കാവ്യങ്ങൾ	ടി. എച്ച്. കുഞ്ഞിരാമൻ നമ്പ്യാർ (സമ്പാദകൻ)
26	Travancore Archaeological Series Vol. IV	
27	Travancore Archaeological Series Vol. V	
28	കുട്ടനാടും കർഷകത്തൊഴിലാളി പ്രസ്ഥാനവും	എൻ. കെ. കമലാസനൻ
29	ആർ. ശങ്കരനാരായണൻ തമ്പി	പ്രൊഫ. കെ. വിജയൻ നായർ
30	പൂരക്കളി	ഡോ. കെ. കെ. കരുണാകരൻ
31	ഇ. വി. കൃഷ്ണപിള്ള	ജി. ഭാർഗ്ഗവൻ പിള്ള
32	ഡോ. കെ. എൻ. എഴുത്തച്ഛൻ	പ്രൊഫ. ആനപ്പായ സേതുമാധവൻ
33	Cultural History of Kerala Vol. I	

LIBRARY ARCHIVES Kerala Legislative Assembly